## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 593** **02-12-2014 ലെ മറുപടിയ്ക്ക്**

**ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി.ജയരാജൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. കെ.കെ. നാരായണൻ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| **എ)** ഭാഗ്യക്കുറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിശ്ചയിച്ച ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | **എ)** കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| **ബി)** എങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | **ബി)** കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെചേർക്കുന്നു.<br>1) ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി കമ്മീഷൻ തിരിമറി നടത്തുന്നത് തടയുന്നതിനായി, ഏജന്റുമാർക്ക് നൽകുന്ന ടിക്കറ്റുകൾ എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ കണ്ടാൽ നടപടി സ്വീകരിക്കാനുമുള്ള അധികാരം ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് നൽകുക.<br>2) ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെയും, കംപ്യൂട്ടർ, കൌണ്ടിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളും അനുവദിക്കുക. ഓഫീസുകളിൽ വിദഗ്ധ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് നടത്തുക.<br>3) അനധികൃത ലോട്ടറികളുടെ വില്പന കേരളത്തിൽ തടയുന്നതിനായി പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുന്നതിനും അനധികൃത ലോട്ടറികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിയമ നിർമ്മാണം നടത്തുകയും ചെയ്യുക. |

4) ടിക്കറ്റുകളുടെ അച്ചടിയിൽ ഉണ്ടാകുന്ന പിശകുകൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ പ്രസ്സുകളിൽ ആധുനിക സൌകര്യങ്ങൾ ഏർപ്പെടുത്തി ടിക്കറ്റിന്റെ അച്ചടി നടത്തുക.

5) അനധികൃത ലോട്ടറികളുടെ വില്പന ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

**സി)** പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

**സി)** കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും, വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, നടപടികൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

**ഡി)** കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

**ഡി)** കമ്മീഷൻ റിപ്പോർട്ട് സർക്കാർ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും വാണിജ്യ നികുതി കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരികയാണ്. റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ